**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 138** **29-01-2024 - ൽ മറുപടിയ്ക്ക്**

**കേസുകളുടെ ഭാഗമായി പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ കേസുകളുടെ ഭാഗമായി പോലീസ് പിടിച്ചെടുത്ത് സ്റ്റേഷൻ പരിസരത്തും മറ്റു സ്ഥലങ്ങളിലുമായി സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | വിവിധ പോലീസ് സ്റ്റേഷനുകളിൽ ഡിസംബർ 2023 വരെ പിടിച്ചെടുത്ത വാഹനങ്ങളിൽ ഒഴിവാക്കാൻ അവശേഷിക്കുന്ന വാഹനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം സിറ്റി --1523<br><br>തിരുവനന്തപുരം റൂറൽ -- 1771<br><br>കൊല്ലം സിറ്റി -- 1751<br><br>കൊല്ലം റൂറൽ -- 1371<br><br>പത്തനംതിട്ട -- 1109<br><br>കോട്ടയം -- 1934<br><br>ആലപ്പുഴ -- 1560<br><br>ഇടുക്കി -- 810<br><br>കൊച്ചിൻ സിറ്റി – 827<br><br>എറണാകുളം റൂറൽ -- 1332<br><br>തൃശ്ശൂർ സിറ്റി – 2617<br><br>തൃശ്ശൂർ റൂറൽ – 1527<br><br>പാലക്കാട് – 2853<br><br>മലപ്പുറം – 4779<br><br>കോഴിക്കോട് സിറ്റി – 2102<br><br>കോഴിക്കോട് റൂറൽ – 318<br><br>വയനാട് -- 530<br><br>കണ്ണൂർ സിറ്റി -- 882 |

| | | | |
|---|---|---|---|
| | | | കണ്ണൂർ റൂറൽ – 817<br><br>കാസർഗോഡ് – 1889 |
| (ബി) | പിടിച്ചെടുത്ത വാഹനങ്ങൾ സ്റ്റേഷൻ പരിസരത്തും മറ്റു പല സ്ഥലങ്ങളിലും കിടന്നു നശിക്കുന്നതും മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നതും പരിഗണിച്ച് കോടതി നടപടികൾക്കായി ആവശ്യമുള്ളത് ഒഴികെയുള്ള വാഹനങ്ങൾ ലേലം ചെയ്തു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽ ഉൾപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങളിൽ, അവകാശികൾ ഇല്ലാത്ത വാഹനങ്ങളുടെ ലേല നടപടികൾ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ MSTC പ്ലാറ്റ്ഫോം മുഖേന സ്വീകരിച്ച് വരുന്നുണ്ട്. പിടിച്ചെടുത്ത വാഹനങ്ങളുടെ സമയബന്ധിതമായ ഡിസ്പോസൽ ചീഫ് സെക്രട്ടറി തലത്തിലും അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിലുമുള്ള യോഗങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. സർക്കാർ പുറപ്പെടുവിച്ച 11.09.2018 ലെ സ.ഉ.(പി) 60/2018/ആഭ്യന്തരം നമ്പർ ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾ ഇതിനായി നിലവിലുണ്ട്. വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കി ഡിസ്പോസൽ വേഗത്തിലാക്കുന്നതിനായി പരിശോധനയ്ക്കുശേഷം Upset value കുറച്ച് നിശ്ചയിക്കുന്നതിനുള്ള അധികാരം മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ചീഫ് എഞ്ചിനീയർക്കും ഏൽപിച്ച് നൽകി 14.11.2022 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഉടമകൾ രേഖകൾ ഹാജരാക്കി കൈപ്പറ്റാത്ത വാഹനങ്ങൾ പോലീസിന് ഉപയോഗിക്കാൻ സംവിധാനം ഉണ്ടാകണമെന്ന ആഭ്യന്തരം സംബന്ധിച്ച സബ്ജക്ട് കമ്മറ്റി യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | 2011-ലെ കേരള പോലീസ് ആക്ട് 56(7) -ാം വകുപ്പ് പ്രകാരം അവകാശികൾ ഇല്ലാത്ത ജംഗമ വസ്തു വകകൾ(unclaimed movable articles) ഔദ്യോഗിക ആവശ്യങ്ങൾക്കായി വാങ്ങേണ്ടി വരുമായിരുന്നവയ്ക്ക് പകരമായി പോലീസ് വകുപ്പിൽ ഉപയോഗിക്കുകയോ ലേലത്തിൽ വിൽക്കുകയോ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 138 | 29.01.2024 ൽ മറുപടിയ്ക്ക്

## കേസുകളുടെ ഭാഗമായി പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ വിവരം

| ചോദ്യം<br>ശ്രീ.കെ.ജെ.മാക്സി | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | വിവിധ കേസുകളുടെ ഭാഗമായി പോലീസ് പിടിച്ചെടുത്ത് സ്റ്റേഷൻ പരിസരത്തും മറ്റു സ്ഥലങ്ങളിലുമായി സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | വിവിധ പോലീസ് സ്റ്റേഷനുകളിൽ ഡിസംബർ 2023 വരെ പിടിച്ചെടുത്ത വാഹനങ്ങളിൽ ഒഴിവാക്കാൻ അവശേഷിക്കുന്ന വാഹനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| ജില്ല | വാഹനങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം സിറ്റി | 1523 |
| തിരുവനന്തപുരം റൂറൽ | 1771 |
| കൊല്ലം സിറ്റി | 1751 |
| കൊല്ലം റൂറൽ | 1371 |
| പത്തനംതിട്ട | 1109 |
| കോട്ടയം | 1934 |
| ആലപ്പുഴ | 1560 |
| ഇടുക്കി | 810 |
| കൊച്ചിൻ സിറ്റി | 827 |
| എറണാകുളം റൂറൽ | 1332 |
| തൃശ്ശൂർ സിറ്റി | 2617 |
| തൃശ്ശൂർ റൂറൽ | 1527 |
| പാലക്കാട് | 2853 |
| മലപ്പുറം | 4779 |
| കോഴിക്കോട് സിറ്റി | 2102 |
| കോഴിക്കോട് റൂറൽ | 318 |
| വയനാട് | 530 |
| കണ്ണൂർ സിറ്റി | 882 |
| കണ്ണൂർ റൂറൽ | 817 |
| കാസർഗോഡ് | 1889 |

| | | | |
|---|---|---|---|
| (ബി) | പിടിച്ചെടുത്ത വാഹനങ്ങൾ സ്റ്റേഷൻ | ( | കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ |

| | | | |
|---|---|---|---|
| | പരിസരത്തും മറ്റു പല സ്ഥലങ്ങളിലും കിടന്നു നശിക്കുന്നതും മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നതും പരിഗണിച്ച് കോടതി നടപടികൾക്കായി ആവശ്യമുള്ളത് ഒഴികെയുള്ള വാഹനങ്ങൾ ലേലം ചെയ്തു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | ബി) | വിവിധ കേസുകളിൽ ഉൾപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങളിൽ, അവകാശികൾ ഇല്ലാത്ത വാഹനങ്ങളുടെ ലേല നടപടികൾ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ M S T C പ്ലാറ്റ്ഫോം മുഖേന സ്വീകരിച്ച് വരുന്നുണ്ട്. പിടിച്ചെടുത്ത വാഹനങ്ങളുടെ സമയബന്ധിതമായ ഡിസ്പോസൽ ചീഫ് സെക്രട്ടറി തലത്തിലും അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിലുമുള്ള യോഗങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. സർക്കാർ പുറപ്പെടുവിച്ച 11.09.2018 ലെ സ.ഉ (പി ) 60/2018/ആഭ്യന്തരം നമ്പർ ഉത്തരവിലെ മാർഗ നിർദ്ദേശങ്ങൾ ഇതിനായി നിലവിലുണ്ട്. വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കി ഡിസ്പോസൽ വേഗത്തിലാക്കുന്നതിനായി പരിശോധനക്ക് ശേഷം Upset value കുറച്ച് നിശ്ചയിക്കുന്നതിനുള്ള അധികാരം മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്കും ചീഫ് എൻജിനീയർക്കും ഏൽപ്പിച്ച് നൽകി 14. 11.2022 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഉടമകൾ രേഖകൾ ഹാജരാക്കി കൈപ്പറ്റാത്ത വാഹനങ്ങൾ പോലീസിന് ഉപയോഗിക്കാൻ സംവിധാനം ഉണ്ടാകണമെന്ന ആഭ്യന്തരം സംബന്ധിച്ച സബ്ജക്ട് കമ്മറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | 2011-ലെ കേരള പോലീസ് ആക്ട് 56(7) ാം വകുപ്പ് പ്രകാരം അവകാശികൾ ഇല്ലാത്ത ജംഗമ വസ്തു വകകൾ(unclaimed movable articles) ഔദ്യോഗിക ആവശ്യങ്ങൾക്കായി വാങ്ങേണ്ടി വരുമായിരുന്നവയ്ക്ക് പകരമായി പോലീസ് വകുപ്പിൽ ഉപയോഗിക്കുകയോ ലേലത്തിൽ വിൽക്കുകയോ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ